കൂടംകുളം ആണവ നിലയത്തിൽനിന്നും ലഭിക്കേണ്ട വൈദ്യുതി വിഹിതം

20 (366) ശ്രീ. സണ്ണി ജോസഫ് :

ശ്രീ. പി. എ. മാധവൻ :

ശ്രീ. കെ. മുരളീധരൻ :

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൂടംകുളം ആണവ നിലയത്തിൽ നിന്ന് സംസ്ഥാനത്തിന് ലഭിക്കേണ്ടത് എത്ര മെഗാവാട്ട് വൈദ്യുതി ആണ് ; വിശദമാക്കുമോ ;

(ബി) ഇത് സംബന്ധിച്ച കരാർ ഒപ്പ് വച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(സി) കൂടംകുളം ആണവ വൈദ്യുതി നിലയത്തിൽ നിന്ന് സംസ്ഥാനത്തിന്റെ വിഹിതം ലഭിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ) 2000 MW (1000 മെഗാവാട്ടിന്റെ രണ്ട് യൂണിറ്റ്) സ്ഥാപിതശേഷിയുള്ള കൂടംകുളം നിലയത്തിൽനിന്നും കെ.എസ്.ഇ.ബി.എൽ.-ന് അർഹമായ വിഹിതം 266 മെഗാവാട്ടാണ് (13.3 ശതമാനം). ഇപ്പോൾ പ്രവർത്തനക്ഷമമായിട്ടുള്ള 1000 മെഗാവാട്ടിന്റെ ഒരു യൂണിറ്റിൽനിന്നും 133 മെഗാവാട്ട് വൈദ്യുതി ലഭിച്ചുവരുന്നു.

(ബി) ഉണ്ട്. കൂടംകുളം ആണവ നിലയത്തിൽനിന്നുള്ള വൈദ്യുതി ലഭ്യമാക്കുന്നതിന് 15-11-2013-ന് ന്യൂക്ലിയർ പവർ കോർപ്പറേഷനുമായി (NPCIL) കെ.എസ്.ഇ.ബി. കരാർ ഒപ്പിട്ടിട്ടുണ്ട്.

(സി) ഇപ്പോൾ പ്രവർത്തനക്ഷമമായ യൂണിറ്റിൽനിന്നും അർഹമായ വിഹിതം ലഭിക്കുന്നുണ്ട്. തമിഴ്നാട്ടിലെ കൂടംകുളം ആണവനിലയത്തിൽനിന്നും കേരളത്തിനർഹതപ്പെട്ട വൈദ്യുതി വിഹിതം എത്തിക്കുന്നതിന് വേണ്ടിയാണ് തിരുനെൽവേലി മുതൽ തൃശ്ശൂർ മാടക്കത്തറവരെ 400 കെ.വി. ലൈൻ വലിക്കുവാൻ ഉദ്ദേശിക്കുന്നത്. ടി ലൈനിന്റെ നിർമ്മാണ പ്രവൃത്തികൾ സെൻട്രൽ ട്രാൻസ്മിഷൻ യൂട്ടിലിറ്റിയായ

LIBRARY ARCHIVES Kerala Legislative Assembly

പവർഗ്രിഡ് കോർപ്പറേഷനാണ് നടപ്പിലാക്കുന്നത്. പ്രസ്തുത ലൈൻ വൂട്ടിൽ തിരുനെൽവേലി മുതൽ ഇടമൺ വരെയും മാടക്കത്തറ മുതൽ പള്ളിക്കര (കൊച്ചി ഈസ്റ്റ്) വരെയുമുള്ള 400 കെ.വി. ലൈൻ നിർമ്മാണവും പള്ളിക്കരയിൽ ഒരു 400 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണവും പൂർത്തിയായിട്ടുണ്ട്. ഇടമൺ മുതൽ പള്ളിക്കര (കൊച്ചി ഈസ്റ്റ്) വരെയുള്ള ലൈൻ വൂട്ടിൽ കർഷകരുടെ എതിർപ്പുമൂലം പ്രവൃത്തികൾ തടസ്സപ്പെട്ടിരിക്കുകയായിരുന്നു. ഇത് പരിഹരിക്കുന്നതിനായി ഗവൺമെന്റ് തലത്തിൽ വിവിധ മീറ്റിംഗുകൾ നടത്തുകയുണ്ടായി. ഇടമൺ-കൊച്ചി ഭാഗത്തെ ലൈൻ നിർമ്മാണത്തിന് നഷ്ടപരിഹാരം നൽകുന്നതിന് ഒരു പ്രത്യേക പാക്കേജ് നടപ്പിലാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ലൈൻ വൂട്ടിൽ നിർമ്മാണം പുനരാരംഭിക്കുന്നതിനുവേണ്ട നടപടികൾ തുടർന്നുവരുന്നു. കൂടാതെ പി.ജി.സി.ഐ.എൽ.-ന്റെ അഭ്യർത്ഥന കണക്കിലെടുത്ത് ടി ലൈൻ നിർമ്മാണത്തിന് പി.ജി.സി.ഐ.എൽ.-ന് സഹായിക്കുന്നതിനുവേണ്ടി ഒരു സ്പെഷ്യൽ ടാസ്ക് ഫോഴ്സും കെ.എസ്.ഇ.ബി.എൽ.-ൽ രൂപീകരിച്ചിട്ടുണ്ട്. നിലവിൽ കൂടംകുളത്തുനിന്നുള്ള വിഹിതം ദൈർഘ്യമേറിയ മറ്റുലൈൻ വഴിയാണ് ലഭ്യമായിക്കൊണ്ടിരിക്കുന്നത്.

വൈദ്യുതി മോഷണ കേസുകൾ

21 (367) <u>ശ്രീ. എം. ഹംസ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി മോഷണം സംബന്ധിച്ച് 1-7-2011 മുതൽ 31-1-2015 വരെ എത്ര കേസുകൾ എടുത്തു ; പിഴയിനത്തിൽ ഈ കാലയളവിൽ എത്ര രൂപ സമാഹരിച്ചു ; ജില്ലാടിസ്ഥാനത്തിൽ വിവരം നൽകാമോ ;

(ബി) വൈദ്യുതി മോഷ്ടാക്കൾക്കെതിരെ എന്തെല്ലാം നടപടികളാണ് പൊതുവായി സ്വീകരിച്ചത് ;

(സി) വൈദ്യുതി മോഷണം തടയുന്നതിലൂടെ ഒരു വർഷം എത്ര യൂണിറ്റ് വൈദ്യുതി ലാഭിക്കുവാൻ കഴിയും എന്നാണ് കണക്കാക്കുന്നത് ; വിശദാംശം നൽകാമോ ?

LIBRARY ARCHIVES Kerala Legislative Assembly